സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

## മുസ്ലിം സമുദായം ബിജെപിയെയാണ് ഒഴിവാക്കുന്നത്– രാജീവ് ചന്ദ്രശേഖർ

തിരു: മുസ്ലിം സമുദായം ബിജെപിയെ വിശ്വസിക്കുന്നില്ലെന്നത് യാഥാർത്ഥ്യമാണെന്നും അത് മാറ്റിയെടുക്കാൻ ശ്രമിക്കുമെന്നും ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പറയുന്നു. താൻ ബിജെപിപ്ര സിഡന്റായതുകൊണ്ട് ഏഷ്യാനെറ്റിന്റെ പ്രവർത്തനരീതിയിൽ മാറ്റം വരില്ലെന്നും അദ്ദേഹം കെ എ ജോണി, എം പി സൂര്യദാസ്, കെ കെ അജിത്കുമാർ, സോബിത് സോമൻ എന്നിവരുമായി നടത്തിയ സംഭാഷണത്തിൽ വ്യക്തമാക്കി.

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com | വാള്യം: 60 | ലക്കം: 59 | 2025 മെയ് 17 ശനി | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

# തരൂരിനെ കോൺഗ്രസ് നിർദേശിച്ചില്ല; സർക്കാർ ക്ഷണം ബഹുമതിയെന്ന് തരൂർ



ന്യൂഡൽഹി: അതിർത്തി കടന്നുള്ള ഭീകരപ്രവർത്തനത്തിനെതിരെയുള്ള ഇന്ത്യയുടെ പോരാട്ടവും ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലവും വിദേശരാജ്യങ്ങൾ സന്ദർശിച്ച് വിശദീകരിക്കാൻ കേന്ദ്രസർക്കാർ രൂപവത്കരിച്ച സർവ്വകക്ഷിപ്രതിനിധിസംഘത്തിലേക്കുള്ള ക്ഷണം സ്വീകരിച്ച് കോൺഗ്രസ് എംപി ശശി തരൂർ. ദേശീയ താൽപര്യമുള്ള വിഷയമായതിനാലും തന്റെ സേവനം ആവശ്യമുള്ള സന്ദർഭമായതിനാലും ക്ഷണം താൻ അഭിമാനത്തോടെ സ്വീകരിക്കുന്നതായി ശശി തരൂർ പ്രതികരിച്ചു. സാമൂഹിക മാധ്യമത്തിലൂടെയാണ് അദ്ദേഹത്തിന്റെ പ്രതികരണം.

'അടുത്തിടെയുണ്ടായ സംഭവങ്ങളെ കുറിച്ച് നമ്മുടെ രാജ്യത്തിന്റെ ഭാഗം 5 പ്രധാന രാഷ്ട്രങ്ങളോട് വിശദമാക്കാനുള്ള സർവ്വകക്ഷിപ്രതിനിധിസംഘത്തെ നയിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ക്ഷണത്തിൽ ഞാൻ അഭിമാനിക്കുന്നു. ദേശീയതാൽപ്പര്യം ഉയർന്നുവരികയും എന്റെ സേവനം അനിവാര്യമാവുകയും ചെയ്യുമ്പോൾ അതിനായി കാത്തിരിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യില്ല, ജയ്ഹിന്ദ്', ഇത്തരത്തിലാണ് തരൂരിന്റെ പോസ്റ്റ്.

അതേസമയം, പാർട്ടി നിർദ്ദേശിക്കാത്ത തരൂരിനെ പ്രതിനിധി സംഘത്തെ നയിക്കാൻ നിയോഗിച്ചതിൽ കോൺഗ്രസിന് അതൃപ്തിയുണ്ട്. പ്രതിനിധി സംഘത്തിലേക്ക് ആളുകളെ നിർദ്ദേശിക്കണമെന്ന് കേന്ദ്ര സർക്കാർ രാഷ്ട്രീയപാർട്ടികളോട് ആവശ്യപ്പെട്ടിരുന്നു. നാലുപേരടങ്ങുന്ന പട്ടികയാണ് കോൺഗ്രസ് കൈമാറിയത്. മുൻ കേന്ദ്രമന്ത്രി ആനന്ദ് ശർമ, മുൻ ലോക്സഭാ ഉപനേതാവ് ഗൗരവ് ഗൊഗോയ്, എംപിമാരായ സയീദ് നസീർ ഹുസൈൻ, രാജാ ബ്രാർ എന്നിവരെയാണ് കോൺഗ്രസ് പ്രതിനിധി സംഘത്തിലേക്ക് നിർദ്ദേശിച്ചത്.

വെള്ളിയാഴ്ചയാണ് പ്രതിനിധികളെ നിർദ്ദേശിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രമന്ത്രി കിരൺ റിജിജു പ്രതിപക്ഷ നേതാവിനോട് ആവശ്യപ്പെട്ടത്. വൈകിട്ടോടെ പ്രതിപക്ഷ നേതാവ് നാലുപേരെ നിർദേശിച്ചതായി കോൺഗ്രസ് നേതാവ് ജയറാം രമേശിന്റെ എക്സ് പോസ്റ്റിൽ പറയുന്നു. കോൺഗ്രസ് നിർദ്ദേശിച്ച ലിസ്റ്റിൽ ശശി തരൂരിന്റെ പേരുണ്ടായിരുന്നില്ല.കോൺഗ്രസ് നിർദ്ദേശമില്ലാതെ തന്നെ തരൂരിനെ പ്രതിനിധി സംഘത്തിന്റെ നേതാവാക്കി വിദേശത്തേക്ക് അയയ്ക്കാനാണ് കേന്ദ്രസർക്കാരിന്റെ തീരുമാനം.

അതേസമയം, ശശി തരൂരിനെ പ്രതിനിധിയായി അയയ്ക്കുന്നതിനെ സ്വാഗതം ചെയ്ത് കെപിസിസി. മോദി സർക്കാരിന്റെ പിഴവുകൾ തിരുത്തി രാജ്യത്തിന്റെ നിലപാട് അവതരിപ്പിക്കാൻ തരൂരിന് കഴിയും.ബിജെപി നേരിടുന്ന പ്രതിഭകളുടെ കുറവാണ് തരൂരിനെ തിരഞ്ഞെടുക്കാൻ പ്രേരിപ്പിച്ചതെന്നും കെപിസിസി വ്യക്തമാക്കി

പാക്കിസ്ഥാനെതിരെ വിദേശരാജ്യങ്ങളുടെ പിന്തുണ ഉറപ്പാക്കാനുള്ള സർക്കാരിന്റെ നയതന്ത്രനീക്കവുമായി സഹകരിക്കുമെന്ന് ജോൺ ബ്രിട്ടാസ് എംപി.എന്നാൽ രാഷ്ട്രീയ പാർട്ടികളുമായി സർക്കാർ സംസാരിച്ചത് പേരുകൾ പുറത്തുവന്നശേഷം മാത്രമാണ്. സംഘാംഗങ്ങളെ കുറിച്ച് കേന്ദ്രം അതാത് പാർട്ടികളോട് നേരത്തെ ആലോചിക്കേണ്ടിയിരുന്നെന്നും ബ്രിട്ടാസ് പറഞ്ഞു.

## എ.പ്രദീപ് കുമാർ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി



തിരു : മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായി കോഴിക്കോട് നോർത്ത് മുൻ എംഎൽഎ എ.പ്രദീപ് കുമാറിനെ നിയമിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ ഇത് സംബന്ധിച്ച ഉത്തരവ് നൽകി. സിപിഎം കണ്ണൂർ ജില്ലാ സെക്രട്ടറിയായി തിരഞ്ഞെടുത്തതിനെ തുടർന്ന് കെ.കെ.രാഗേഷ് സ്ഥാനമൊഴിഞ്ഞ ചുമതലയിലേക്കാണ് പ്രദീപ് കുമാർ എത്തുന്നത്. നിലവിൽ സിപിഎം സംസ്ഥാന സമിതി അംഗമാണ് അദ്ദേഹം.

സർക്കാരിന്റെ കാലാവധി തീരാൻ ഒരുവർഷം മാത്രമുള്ളതിനാൽ പ്രൈവറ്റ് സെക്രട്ടറി പാർട്ടിയിൽനിന്ന് വേണോ ഉദ്യോഗസ്ഥർ മതിയോ എന്ന തരത്തിൽ ചർച്ച നടന്നിരുന്നു. അവസാനവർഷം നിർണായകമായതിനാൽ മുഖ്യമന്ത്രിയുടെ ഓഫീസിനെ ജാഗ്രതയോടെ നയിക്കാൻ രാഷ്ട്രീയപശ്ചാത്തലമുള്ളയാൾ വരുന്നതാണ് ഉചിതമെന്ന നേതാക്കളുടെ അഭിപ്രായംകൂടി പരിഗണിച്ചാണ് പാർട്ടി മുൻ എംഎൽഎയെ ഈ സ്ഥാനത്തേക്ക് നിയമിച്ചിരിക്കുന്നത്.

പാർട്ടി ഏൽപ്പിച്ച ഉത്തരവാദിത്തം നല്ല രീതിയിൽ നന്നായി ചെയ്യാൻ ശ്രമിക്കുമെന്നും എ.പ്രദീപ് കുമാർ പ്രതികരിച്ചു. 'ശക്തമായി പ്രവർത്തിക്കുന്ന സംവിധാനം മുഖ്യമന്ത്രിയുടെ ഓഫീസിലുണ്ട്. പാർട്ടി നിയോഗിക്കുന്ന ഒരു ചുമതല ഏറ്റെടുക്കുന്നു. മുഖ്യമന്ത്രി ഇക്കാര്യം അറിയിച്ചിരുന്നു. പാർട്ടി ഏൽപ്പിച്ച ഉത്തരവാദിത്തം നല്ല രീതിയിൽ നന്നായി ചെയ്യാൻ ശ്രമിക്കും. സർക്കാരിന്റെ മൂന്നാംമൂഴം എന്നത് സമൂഹം തീർച്ചപ്പെടുത്തിയ കാര്യമാണ്. അതിനായി ശ്രമിക്കും' പ്രദീപ് കുമാർ പറഞ്ഞു.

## IED ബോംബ് ഉണ്ടാക്കി പരീക്ഷിച്ചു; മുംബൈയിൽ 2 ഐഎസ് സ്ലീപ്പർസെൽ അംഗങ്ങൾ പിടിയിൽ

മുംബൈ: മഹാരാഷ്ട്രയിൽ രണ്ട് ഐ.എസ് സ്ലീപ്പർ സെൽ അംഗങ്ങളെ എൻഐഎ അറസ്റ്റ് ചെയ്തു. മുംബൈ വിമാനത്താവളത്തിൽ നിന്നാണ് ഇവരെ എൻഐഎ പിടികൂടിയത്. 2023-ലെ ഐഇഡി (ഇംപ്രൊവൈസ്ഡ് എക്സ്പ്ലോസീവ് ഡിവൈസ്) കേസുമായി ബന്ധപ്പെട്ടാണ് അറസ്റ്റ്. ഇവരെ ഏറെനാളായി എൻഐഎ തിരഞ്ഞുകൊണ്ടിരിക്കുകയായിരുന്നു.

ഡയപ്പർവാല എന്ന വിളിപ്പേരുള്ള അബ്ദുള്ള ഫയാസ് ഷെയ്ക്ക്, തൽഹ ഖാൻ എന്നിവരെയാണ് എൻഐഎ അറസ്റ്റ് ചെയ്തത്. മുംബൈ അന്താരാഷ്ട്ര വിമാനത്താവളത്തിലെ രണ്ടാമത്തെ ടെർമിനലിൽ നിന്നാണ് ഇവരെ എൻഐഎ കസ്റ്റഡിയിലെടുത്തത്. ഇന്തോനേഷ്യയിൽ നിന്ന് ഇവർ ഇന്ത്യയിലേക്ക് മടങ്ങിവരികയായിരുന്നു.

2023-ലാണ് കേസിനാസ്പദമായ സംഭവം. പുണെയിൽ വെച്ച് ഇവർ ഐഇഡി ബോംബ് ഉണ്ടാക്കി പരീക്ഷിച്ചുവെന്നാണ് കേസ്. പുണെയിലെ അബ്ദുള്ള ഫയാസ് ഷെയ്ക്കിന്റെ വീട്ടിൽ വെച്ചായിരുന്നു ഇവർ ബോംബുണ്ടാക്കിയത്. തുടർന്ന് നിയന്ത്രിത സ്ഫോടനത്തിലൂടെ അത് പരീക്ഷിക്കുകയും ചെയ്തു.

സംഭവത്തിൽ അന്വേഷണം തുടങ്ങിയതോടെ ഒളിവിൽ പോയ ഇവർ പിന്നീട് ഇന്തൊനേഷ്യയിലേക്ക് കടന്നു. അവിടെ ഒളിവിൽ കഴിയുകയായിരുന്നു. ഇവരെ പിടികൂടാൻ സഹായിക്കുന്നവർക്ക് മൂന്നുലക്ഷം രൂപ പ്രതിഫലം പ്രഖ്യാപിച്ചിരുന്നതാണ്. ഇവരുൾപ്പെടെ എട്ടുപേർക്കെതിരെയാണ് കേസെടുത്തിരുന്നത്. ബാക്കിയുള്ളവർ നേരത്തെ അറസ്റ്റിലായിരുന്നു.

## ബിബിസി ചാനലുകൾ സംപ്രേഷണം നിർത്തുന്നു, നിർണായക പ്രഖ്യാപനവുമായി മേധാവി



സാൽഫോർഡ്: 2030ഓടെ ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷന്റെ (ബിബിസി) എല്ലാ ചാനലുകളും ടിവിയിൽ സംപ്രേഷണം ചെയ്യുന്നത് നിർത്തുമെന്നും പകരം ഓൺലൈനിലേക്ക് മാറ്റുമെന്ന പ്രഖ്യാപനവുമായി മേധാവി ടിം ഡേവി.

ചാനലുകൾ ഇന്റർനെറ്റിലേക്ക് മാത്രമായി പ്രവർത്തനം മാറ്റുമെന്നും പരമ്പരാഗത സംപ്രേഷണ സംവിധാനങ്ങൾ ഒഴിവാക്കുമെന്നും ബിബിസി സ്ഥിരീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ജനുവരി എട്ട് മുതൽ ബിബിസി സാറ്റ്ലൈറ്റുകളിലെ സ്റ്റാൻഡേർഡ് ഡെഫനിഷൻ (എസ്ഡി) ഉപഗ്രഹ പ്രക്ഷേപണങ്ങൾക്ക് പകരം ഹൈ ഡെഫനിഷൻ (എച്ച്ഡി) പതിപ്പുകളിലേക്ക് മാറിയിരുന്നു. ഇതിന് പിന്നാലെയാണ് പുതിയ പ്രഖ്യാപനം.

ലണ്ടനിലാണ് ബിബിസിയുടെ ആസ്ഥാനം. ബ്രിട്ടീഷ് പബ്ലിക് സർവീസ് ബ്രോഡ്കാസ്റ്ററായ ബിബിസി 1922ലാണ് സ്ഥാപിതമായത്. പിന്നീട് 1927ലെ പുതുവത്സര ദിനത്തിലാണ് നിലവിലെ പേരിൽ ബിബിസി പ്രവർത്തനമാരംഭിച്ചത്. പ്രശസ്തി കൊണ്ടും ജീവനക്കാരുടെ എണ്ണം കൊണ്ടും മാദ്ധ്യമരംഗത്ത് മുൻപന്തിയിൽ നിൽക്കുന്നവരാണ് ബിബിസി. ഏകദേശം 21,000ൽ അധികം ജീവനക്കാർ ബിബിസിയിൽ പ്രവർത്തിക്കുന്നുവെന്നാണ് കണക്ക്.


1922ൽ രൂപീകൃതമായത് മുതൽ, ബ്രിട്ടീഷുകാരുടെ ജീവിതത്തിലും സംസ്കാരത്തിലും ബിബിസിയുടെ പങ്ക് ശ്രദ്ധേയമാണ്. 1923ൽ ബിബിസി ആദ്യത്തെ ബ്രോഡ്കാസ്റ്റ് ലിസ്റ്റിംഗ് മാസികയായ റേഡിയോ ടൈംസ് ആരംഭിച്ചു.1988 ൽ പുറത്തിറക്കിയ ക്രിസ്മസ് പതിപ്പിന്റെ 11 ദശലക്ഷം കോപ്പികളാണ് അന്ന് വിറ്റഴിഞ്ഞത്. ഇത് ബ്രിട്ടീഷ് മാസികകളുടെ ചരിത്രത്തിലെ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെട്ട പതിപ്പായാണ് കണക്കാക്കപ്പെടുന്നത്. ലണ്ടനിലെ വെസ്റ്റ്മിൻസ്റ്ററിലെ ബ്രോഡ്കാസ്റ്റിംഗ് ഹൗസിലാണ് ഇതിന്റെ ആസ്ഥാനം.

## നിർണായകമായി എല്ലിൻ കഷ്ണം; രേഷ്മ തിരോധാനക്കേസിൽ 15 വർഷങ്ങൾക്കുശേഷം പ്രതി പിടിയിൽ


കാസർകോട്: രാജപുരം എണ്ണപ്പാറ സർക്കാരി മൊയോലത്തെ ആദിവാസി പെൺകുട്ടിയായ എം സി രേഷ്മയുടെ (17) തിരോധാനക്കേസിൽ 15 വർഷങ്ങൾക്കുശേഷം പ്രതി പിടിയിൽ. പാണത്തൂർ ബാപ്പുങ്കയം സ്വദേശി ബിജു പൗലോസ് ആണ് അറസ്റ്റിലായത്. രേഷ്മയെ കൊലപ്പെടുത്തി പുഴയിൽ തള്ളിയതായി നേരത്തെ പ്രതി പൊലീസിന് മൊഴി നൽകിയെങ്കിലും മൃതദേഹം ലഭിക്കാത്തതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിരുന്നില്ല.

ഇപ്പോൾ ഒരു എല്ലിന്റെ ഭാഗം ലഭിച്ചതിനെത്തുടർന്ന് നടത്തിയ ഡിഎൻഎ പരിശോധനയിൽ അത് രേഷ്മയുടെതാണെന്ന് സ്ഥിരീകരിച്ചതിന് പിന്നാലെയാണ് അറസ്റ്റ്. കണ്ണൂർ ക്രൈംബ്രാഞ്ച് എസ് പി പ്രജീഷ് തോട്ടത്തിലിന്റെ നേതൃത്വത്തിലാണ് കേസ് അന്വേഷണം നടത്തിയത്. 2021ൽ ഹേബിയസ് കോർപ്പസ് ആയി ആദ്യ കേസ് ഫയൽ ചെയ്തു. എന്നാൽ കേസ് തൃപ്തികരമല്ലെന്നും സിബിഐയ്ക്ക് വിടണമെന്നും കാട്ടി 2023ൽ രേഷ്മയുടെ കുടുംബം ഹൈക്കോടതിയിൽ വീണ്ടും കേസ് ഫയൽ ചെയ്തു.

## K-RERA പുനഃസംഘടിപ്പിച്ചു



ജസ്റ്റിസ് സോമരാജൻ പി



പി ജെ വിൻസന്റ്



ഡോ. കുരുവിള തോമസ്

തിരു: കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അഥോറിറ്റി (K-RERA) പുനഃസംഘടിപ്പിച്ചു. ജസ്റ്റിസ് സോമരാജൻ പി ആണ് ചെയർപേഴ്സൺ. റിട്ട. ജില്ലാ ജഡ്ജ് പി ജെ വിൻസന്റ് ജുഡീഷ്യൽ മെമ്പറും റിട്ടയേർഡ് ഐ എഫ് എസ് ഡോ. കുരുവിള തോമസ് അഡ്മിനിസ്ട്രേറ്റീവ് മെമ്പറുമാണ്.

## 'സ്പോൺസർമാർ ഉത്തരവാദിത്തം കാണിക്കണം, മെസി വരില്ലെന്ന് പറയാനാവില്ല'; പ്രതീക്ഷയുണ്ടെന്ന് കായിക മന്ത്രി




കൊച്ചി: ഇതിഹാസ താരം ലയണൽ മെസി കേരളത്തിലേക്കെത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സ്പോൺസർമാർ ഉത്തരവാദിത്തം കാണിക്കണമെന്ന് കായിക മന്ത്രി വി അബ്ദുറഹ്മാൻ. മെസി വരുമെന്നാണ് പ്രതീക്ഷയെന്നും ഇതുവരെയായിട്ടും അർജന്റീന ഫുട്ബോൾ അസോസിയേഷന്റെ ഭാഗത്ത് നിന്ന് ഔദ്യോഗിക സ്ഥിരീകരണങ്ങളൊന്നും ലഭിച്ചിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മെസി ഒക്ടോബറിൽ വരുമെന്ന കായിക മന്ത്രിയുടെ പ്രഖ്യാപനം വന്ന് മാസങ്ങൾ കഴിഞ്ഞിട്ടും ഒരു രൂപ പോലും സ്പോൺസർമാർ അർജന്റീന ഫുട്ബോൾ അസോസിയേഷന് നൽകിയില്ലെന്നാണ് വിവരം. ഇതുമായി ബന്ധപ്പെട്ട് മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.

'സ്വർണ വ്യാപാരികളുടെ സംഘടനയായ ഓൾ കേരള ഗോൾഡ് മർച്ചന്റ്സ് അസോസിയേഷനെയാണ് അർജന്റീനയുടെ സൗഹൃദമത്സരത്തിന്റെ സ്പോൺസറാകാൻ ആദ്യം കണ്ടെത്തിയത്. 175കോടി രൂപ സമാഹരിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ഉത്തരവാദിത്തം സ്പോൺസർമാർക്കാണ്. മെസി വരുന്നത് ഭാരിച്ച ചെലവുള്ള കാര്യമാണ്. സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇത്രയും പണം കായിക വകുപ്പിന്റെ ബഡ്ജറ്റിനും അപ്പുറമാണ്.

കേരളത്തിലെ ഫുട്ബോൾ പ്രേമികളുടെ ആഗ്രഹം മാനിച്ച് സ്പോൺസർമാർ അത് ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആദ്യത്തെ സ്പോൺസർമാർ റിസർവ്ബാങ്കിന്റെ നടപടികൾക്കനുസരിച്ച് യോഗ്യരല്ല. അവർ സ്പോൺസർഷിപ്പുമായി ബന്ധപ്പെട്ട് വാർത്താസമ്മേളനമൊക്കെ നടത്തിയതാണ്. സ്പോൺസർമാർ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നെ അറിയിച്ചിട്ടില്ല. അവർ ഉത്തരവാദിത്തം കാണിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മെസി വരുമെന്നാണ് പ്രതീക്ഷ. വരില്ലെന്ന് അർജന്റീന ഔദ്യോഗികമായി അറിയിച്ചിട്ടില്ല. മെസിയുടെ പര്യടനത്തിന് കേന്ദ്ര അനുമതി സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇതിൽ പകുതിയോളം രൂപ അപ്പിയറൻസ് ഫീസായി അർജന്റീന ടീമിന് നൽകേണ്ടി വരുമെന്നായതോടെ ഫണ്ടിംഗ് പാളി. പിന്നീട് പ്രധാന സ്പോൺസർമാരായി സ്വകാര്യ വാർത്താചാനലുള്ള ബ്രോഡ്കാസ്റ്റിംഗ് കമ്പനി വന്നു. അവർ പണം അടയ്ക്കാമെന്ന് അറിയിച്ചതാണ്'– മന്ത്രി വ്യക്തമാക്കി.

അതേസമയം ഒക്ടോബറിൽ ചൈനയിൽ പര്യടനം നടത്താൻ അർജന്റീന ഫുട്ബോൾ അസോസിയേഷൻ തീരുമാനിച്ചെന്നാണ് വിവരം. ചൈനയിൽ രണ്ട് മത്സരങ്ങൾ മെസിയും സംഘവും കളിക്കും. അർജന്റീയുടെ 2026ലെ വിദേശ പര്യടന ഷെഡ്യൂളിലും കേരളമില്ല.

## സ്കൂട്ടറുകൾ കൂട്ടിയിടിച്ച് 2 പേർക്ക് പരിക്ക്

ഒല്ലൂർ: തൈക്കാട്ടുശ്ശേരി സ്വദേശി ഡാനി, കണ്ണാറ സ്വദേശി ഷിജു എന്നിവർക്കാണ് പരിക്കേറ്റത്. മരത്താക്കരയിൽ വെച്ച് ഇന്ന് രാവിലെയാണ് അപകടം ഉണ്ടായത്. നാട്ടുകാർ ഓടിയെത്തിയാണ് പരിക്കേറ്റ 2 പേരെയും ആശുപത്രിയിലെത്തിച്ചത്.

### കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ**

OP: 615/2024

ജസീദ, 34 വയസ് D/o. മൊയ്തീൻകുട്ടി, മമ്പറത്ത് ഹൗസ്, പി ഒ തങ്ങൾപടി, ഒരുമനയൂർ വില്ലേജ്, ഒരുമനയൂർ ദേശം, ചാവക്കാട് താലൂക്ക്, തൃശൂർ ജില്ല–680512

–ഹരജിക്കാരി

ഷിഹാബുദ്ദീൻ, 38 വയസ്, S/o. റൈഹാനത്ത് അബൂബക്കർ, കരക്കെട്ടിയകത്ത് ഹൗസ്, പി ഒ മുല്ലശ്ശേരി, മുല്ലശ്ശേരി വില്ലേജ്, ചാവക്കാട് താലൂക്ക്–680509

– എതൃകക്ഷി

പത്രപരസ്യം

ഹരജിക്കാരിക്ക് എതൃകക്ഷിയിൽ നിന്നും വിവാഹമോചനം ലഭിക്കുന്നതിനു വേണ്ടി ബോധിപ്പിച്ച മേൽ നമ്പർ ഹരജിയിൽ എതൃകക്ഷിക്കുള്ള കോടതി കല്പന അയപ്പാൻ കേസ് **25-06-2025** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ നിങ്ങളോ നിങ്ങളുടെ ഭാഗം അഡ്വക്കെറ്റോ ഹാജരാകാത്ത പക്ഷം മേൽ നമ്പർ കേസ് നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 09-05-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**എ ഹരിദാസൻ** (ഒപ്പ്)

## കേസ് ഒഴിവാക്കാൻ രണ്ട് കോടി രൂപ കൈക്കൂലി; തട്ടിപ്പുകേസിൽ കൊച്ചി ഇഡി ഉദ്യോഗസ്ഥൻ ഒന്നാം പ്രതി

കൊച്ചി: എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ (ഇഡി) കേസ് ഒഴിവാക്കുന്നതിന് കൈക്കൂലി ആവശ്യപ്പെട്ട സംഭവത്തിൽ ഇഡി ഉദ്യോഗസ്ഥൻ ഒന്നാം പ്രതി. ഇഡി അസിസ്റ്റന്റ് ഡയറക്ടർ ശേഖർ കുമാറിനെ ഒന്നാം പ്രതിയാക്കിയാണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇയാൾ നിലവിൽ കൊച്ചി ഓഫീസിലാണ് ജോലി ചെയ്യുന്നതെന്നാണ് വിവരം. സംഭവത്തിൽ ചാർട്ടേഡ് അക്കൗണ്ടന്റടക്കം മൂന്നുപേർ വിജിലൻസിന്റെ പിടിയിലായിരുന്നു.

ചാർട്ടേഡ് അക്കൗണ്ടന്റ് രഞ്ജിത്, എറണാകുളം തമ്മനം സ്വദേശി വിൽസൺ (36), രാജസ്ഥാൻ സ്വദേശി മുരളി മുകേഷ് (54) എന്നിവരാണ് ഇതേക്കേസിൽ എറണാകുളം വിജിലൻസ് സംഘത്തിന്റെ പിടിയിലായത്. ശേഖർ കുമാറും രണ്ടാം പ്രതി വിൽസണും ഗൂഢാലോചന നടത്തിയെന്നാണ് വിജിലൻസ് വ്യക്തമാക്കുന്നത്. ഇരുവരും വ്യാപകമായി പണം തട്ടിയെന്നും വിജിലൻസ് കണ്ടെത്തിയിട്ടുണ്ട്. വിൽസൺ കൂടുതൽ പേരെ ഭീഷണിപ്പെടുത്തി പണം തട്ടാൻ ശ്രമിച്ചതായും കണ്ടെത്തലുണ്ട്. തിരുവനന്തപുരം വിമാനത്താവളം വഴിയുള്ള സ്വർണക്കടത്തിലും ഇടപെട്ടു. ഇതുമായി ബന്ധപ്പെട്ട കേസിലെ പ്രതികളിൽ നിന്നും പണം ആവശ്യപ്പെട്ടു. എന്നാൽ പണം നൽകാൻ പ്രതികൾ തയ്യാറായില്ല. ഈ കേസും വിജിലൻസ് അന്വേഷിക്കുന്നുണ്ട്. ഇഡി ഉദ്യോഗസ്ഥൻ ഒന്നാം പ്രതിയായ തട്ടിപ്പുകേസിൽ ഇഡിയും അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

കശുവണ്ടി വ്യവസായിയായ കൊട്ടാരക്കര സ്വദേശിയായ പരാതിക്കാരനിൽ നിന്നാണ് പ്രതികൾ രണ്ടുകോടി രൂപ കൈക്കൂലി ആവശ്യപ്പെട്ടത്. പരാതിക്കാരനിൽ നിന്ന് രണ്ടുലക്ഷം രൂപ കൈപ്പറ്റുന്നതിനിടെ വിൽസൺ പിടിയിലാവുകയായിരുന്നു.

കശുവണ്ടി വ്യവസായ സ്ഥാപനത്തിന് വിറ്റുവരവ് കൂടുതലാണെന്നും വ്യാജരേഖ ഉപയോഗിച്ച് ഈ പണം വിദേശത്ത് ഉപയോഗിക്കുന്നതായി കണ്ടെത്തിയെന്നും കാട്ടി കഴിഞ്ഞവർഷം കൊച്ചി ഇഡി ഓഫീസിൽ നിന്ന് പരാതിക്കാരന് സമൻസ് ലഭിച്ചിരുന്നു. തുടർന്ന് പരാതിക്കാരൻ ഇഡി ഓഫീസിൽ ഹാജരാവുകയും ചെയ്തു. വർഷങ്ങൾക്ക് മുൻപ് മുതലുള്ള ബിസിനസുകളുടെ രേഖകളും കണക്കുകളും കാണിക്കണമെന്നും ഇല്ലെങ്കിൽ കേസെടുക്കുമെന്നും ഇഡി ഉദ്യോഗസ്ഥർ പറഞ്ഞതായി പരാതിക്കാരൻ വെളിപ്പെടുത്തി.

ഇതിനുശേഷം ഇഡി ഓഫീസിലെ ഏജന്റെന്ന് പരിചയപ്പെടുത്തി വിൽസൺ പരാതിക്കാരനെ പലതവണ ഫോണിൽ ബന്ധപ്പെട്ടു. പിന്നീട് നേരിൽ കാണുകയും കേസിൽ നിന്നൊഴിവാക്കാൻ രണ്ടുകോടി രൂപ ഇഡി ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടതായി പരാതിക്കാരനെ അറിയിക്കുകയും ചെയ്തു.

## ഹൈവേയിൽ പാറിപ്പറന്ന് 500ന്റെ നോട്ടുകൾ; വാഹനങ്ങൾ വരുന്നതുപോലും ശ്രദ്ധിക്കാതെ പണം വാരിക്കൂട്ടി ജനങ്ങൾ



ലക്നൗ: റോഡിൽ നിന്ന് പത്ത്, ഇരുപത് അല്ലെങ്കിൽ അഞ്ഞൂറ് രൂപയുടെ ഒറ്റ നോട്ട് കിട്ടിയവരുണ്ടാകും. എന്നാൽ റോഡ് നിറയെ അഞ്ഞൂറ് രൂപ പാറിപ്പറക്കുന്നതൊന്ന് സങ്കൽപിച്ചുനോക്കൂ. അത്തരത്തിലൊരു സംഭവമാണ് ഉത്തർപ്രദേശിലെ കൗശാമ്പി ജില്ലയിൽ തിരക്കേറിയ ഒരു ഹൈവേയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

അഞ്ഞൂറ് രൂപയുടെ നൂറുകണക്കിന് നോട്ടുകളാണ് ഹൈവേയിൽ വീണത്. 'പണത്തിന്റെ മഴ' കണ്ടതോടെ ദൃക്സാക്ഷികൾ ആദ്യം അമ്പരന്നു. പിന്നാലെ അവ സ്വന്തമാക്കാനായി റോഡിലേക്ക് ഓടി. തിരക്കുള്ള ഹൈവേ, വാഹനങ്ങൾ വരുമെന്ന് പോലും ഓർക്കാതെയാണ് പലരും പണത്തിന് പിന്നാലെ ഓടിയത്.

ഡസൻ കണക്കിന് ആളുകൾ ഓടിനടന്ന് കറൻസി നോട്ടുകൾ പെറുക്കി എടുക്കുന്ന വീഡിയോ വളരെപ്പെട്ടന്നുതന്നെ സോഷ്യൽ മീഡിയയിൽ വൈറലായി. ഇതോടെ സംഭവം അധികൃതരുടെ ശ്രദ്ധയിലുംപെട്ടു. എങ്ങനെ പണം റോഡിലെത്തിയെന്ന് പൊലീസ് വിശദമായി പരിശോധിച്ചു.

വാരണാസിയിൽ നിന്ന് ഡൽഹിയിലേക്ക് ആഡംബര ബസിൽ യാത്ര ചെയ്യുകയായിരുന്ന ഭാവേഷ് എന്ന ബിസിനസുകാരന് ഈ സംഭവവുമായി ബന്ധമുണ്ടെന്നാണ് പൊലീസ് പറയുന്നത്. ഒരു വഴിയരികിലെ ധാബയിൽ ഭാവേഷ് ഭക്ഷണം കഴിക്കാനായി വണ്ടി നിർത്തിയിരുന്നു. ഇതിനിടെ അജ്ഞാതർ അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന ബാഗുമായി ഓടി രക്ഷപ്പെട്ടു. അതിൽ പത്ത് ലക്ഷം രൂപയോളമുണ്ടായിരുന്നുവെന്നാണ് ഭാവേഷ് പറയുന്നത്.

'ഏകദേശം ഒന്നര ലക്ഷം രൂപ ഹൈവേയിൽ ചിതറിക്കിടക്കുന്നതായി കണ്ടു'– കോഖ്രാജ് പൊലീസ് ഉദ്യോഗസ്ഥൻ സ്ഥിരീകരിച്ചു. ഇത് ആസൂത്രണ സംഭവമാണോ അതോ അശ്രദ്ധമൂലമാണോ മോഷണമുണ്ടായതെന്നൊക്കെ അധികൃതർ പരിശോധിച്ചുവരികയാണ്.

## ബസ്സിനകത്ത് കത്തിക്കുത്ത്

തിരു : കിഴക്കേകോട്ടയിൽ പ്രൈവറ്റ് ബസ്സിനകത്ത് കത്തിക്കുത്ത്. ഡ്രൈവർ ബാബുരാജാണ് കണ്ടക്ടറായ വിനോജിനേ കുത്തിയത്.

കഴിഞ്ഞ ദിവസം വൈകിട്ടായിരുന്നു ബസ്സിനകത്ത് കത്തിക്കുത്ത് നടന്നത്. വ്യക്തി വൈരാഗ്യമാണ് ആക്രമണത്തിന് കാരണമെന്നാണ് വിവരം. സംഘർഷത്തിൽ പ്രതി ബാബുരാജിനും കണ്ണിൽ പരിക്കേറ്റു. ഇരുവരും ചികിത്സയിലാണ്.

### COURT NOTICE

**BEFORE THE HONOURABLE COMSUMER DISTUTE REDRESSAL COMMISSION, THRISSUR**

CC.  /2024, IA: 741/2024

Sivaprasad, 57 years, S/o. C.C. Devan, Choondal House, Ayyanthole Village, Ayanthole P.O., Thrissur Taluk, Thrissur District, Pin-680003

-Complainant

1) Praveen, Chairman, 50 years, S/o. Raghavan, Vallikattiri House, Cheruvathani Desom, Anjoor Village, Thalappilli Taluk, Thrissur District, on behalf of Sapthami Kuries & Loans Pvt. Ltd., established at Kunnamkulam Village, Thalappilli Taluk, Pin-680519
2) Sajeesh, Swastham, Age 68, S/o. Vasudevan, Kozhathur House, Cheruvathani Desom, Anjoor Village, Thalappilli Taluk, Pin-680523
3) Ramdas, Business, Age 58, S/o. Leela Amma, Kaitakkad House, Chulpram Desom, Iringapuram Village, Chavakkad Taluk, Trissur District, Pin-680103
4) Balakrishnan, 80 years, S/o. Devakaimma, Kongandath House, Varadiyam Desom, Anjur Village,Thalappilli Taluk, Pin-680523

-Respondents 1 and Respondents 3 to 5

The above case has been fixed for trial on **20-05-2025** by ordering notice to the Respondents 1 and Respondents 3 to 6 to be affixed in the court and premises of the company. Therefore, it is hereby informed that at 11'o clock on the above mentioned day the Respondents 1 and Respondents 3 to 5 must appear before the Honourable CDRC, either in person or through his lawer failing which the case wil be decided in your absence.

Date this the day of 16th May 2025
Petitioners Advocate
**SHANI K. KRISHNAN** (S/d)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



## എൻ.വി. കൃഷ്ണവാരിയർ പുരസ്കാരം കെ.വി. രാമകൃഷ്ണന്



ഇരിങ്ങാലക്കുട: സമസ്ത കേരള വാര്യർ സമാജം നൽകുന്ന എൻ.വി. കൃഷ്ണവാരിയർ പുരസ്കാരം കവി കെ.വി. രാമകൃഷ്ണന് സമ്മാനിക്കും. സമാജം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് മെയ് 24 ന് നൽകുന്നതാണെന്ന് സമാജം സംസ്ഥാന ജനറൽ സെക്രട്ടറി വി.വി. മുരളീധര വാര്യരും , സംസ്ഥാന സെക്രട്ടറി എ.സി. സുരേഷും അറിയിച്ചു. 10,001 രൂപയും , ഫലകവും , പ്രശസ്തിപത്രവുമടങ്ങുന്നതാണ് പുരസ്കാരം

## വിവരവകാശ കമ്മീഷൻ ഹിയറിംഗ്: 33 പരാതികൾ തീർപ്പാക്കി

തൃശൂർ: വിവരാവകാശ നിയമപരമായ അപേക്ഷയിൽ സമയബന്ധിതമായ വിവരങ്ങൾ നൽകിയില്ലെങ്കിൽ ശിക്ഷ നടപടികൾ സ്വീകരിക്കുമെന്നും അപ്പീലിനായി കാത്തിരിക്കുന്ന പ്രവണത എസ് പി ഒ മാർ സ്വീകരിക്കുന്നുണ്ടെന്നും സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. കെ.എം. ദിലീപ് തൃശ്ശൂർ ജില്ലയിൽ നടത്തിയ വിവരവകാശ കമ്മീഷൻ ഹിയറിംഗിൽ പറഞ്ഞു. ഇത്തരം വീഴ്ചകൾ ആവർത്തിക്കാൻ പാടില്ലെന്നും വിവരം ലഭ്യമല്ല എന്ന മറുപടി അംഗീകരിക്കാവുന്നതല്ലെന്നും വിവരം സൂക്ഷിക്കേണ്ട ബാധ്യത ഓഫീസ് മേധാവിക്കാണെന്നും കമ്മീഷണർ കൂട്ടിച്ചേർത്തു.

രാമനിലയം തൃശ്ശൂർ ഗവ. ഗസ്റ്റ്ഹൗസ് കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ 38 പരാതികൾ പരിഗണിച്ചതിൽ 33 പരാതികൾ തീർപ്പാക്കി. അഞ്ച് പരാതികൾ മാറ്റിവെച്ചു. ആരോഗ്യം, കാർഷികം, തദ്ദേശസ്വയംഭരണം, പൊലീസ്, ദേവസ്വം എന്നീ വകുപ്പുകളിലെ പരാതികളാണ് കമ്മീഷൻ പരിഗണിച്ചത്.

## ടൂൾകിറ്റ് ഗ്രാന്റ്: അപേക്ഷ ക്ഷണിച്ചു

തൃശൂർ: പിന്നോക്ക വിഭാഗ വികസന വകുപ്പിന്റെ ഒ.ബി.സി വിഭാഗത്തിൽ വരുന്ന പരമ്പരാഗത കരകൗശല വിദഗ്ദർക്കുള്ള ടൂൾകിറ്റ് ഗ്രാന്റിന് അപേക്ഷ ക്ഷണിച്ചു. കുടുംബ വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയും പ്രായ പരിധി 60 വയസ്സും കവിയരുത്. അപേക്ഷകർ വകുപ്പിന്റെ www.bwin.kerala.gov.in എന്ന പോർട്ടൽ വഴി ഓൺലൈനായി മെയ് 31 ന് മുൻപായി അപേക്ഷ സമർപ്പിക്കണം.

കൂടുതൽ വിവരങ്ങൾക്ക് 0492 2222335 എന്ന നമ്പറിൽ ബന്ധപ്പെടുക.

## പബ്ലിക് റിലേഷൻസ് ഓഫീസർ നിയമനം

തൃശൂർ:കേരള വന ഗവേഷണ സ്ഥാപനത്തിൽ സമയബന്ധിത പദ്ധതിയായ ഫോറസ്ട്രി എക്സ്റ്റൻഷൻ ആൻഡ് കൺസെർവഷൻ എജ്യുക്കേഷൻ പ്രോഗ്രാമിൽ പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിലേക്കുള്ള താത്കാകാലിക ഒഴിവിലേക്ക് ജൂൺ രണ്ടിന് രാവിലെ പത്തിന് കേരള വന ഗവേഷണ സ്ഥാപനത്തിന്റെ തൃശ്ശൂർ പീച്ചിയിലുള്ള ഓഫീസിൽ അഭിമുഖം നടക്കും. കൂടുതൽ വിവരങ്ങൾക്ക് www.kfri.res.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0487 2690100.

## അഡ്വ.സണ്ണി ജോസഫ് എം.എൽ.എ നാളെ തൃശൂരിൽ

തൃശൂർ: നിയുക്ത കെ പി.സി.സി. പ്രസിഡണ്ട് അഡ്വ.സണ്ണി ജോസഫ് എം.എൽ. എ നാളെ രാവിലെ 6:30 ന് പൂങ്കുന്നം മുരളീമന്ദിരത്തിൽ ലീഡർ.കെ. കരുണാകരന്റെ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തുമെന്ന് ഡി.സി.സി. പ്രസിഡണ്ട് അഡ്വ. ജോസഫ് ടാജറ്റ് അറിയിച്ചു.

## രാജ്യം ഭരിക്കുന്നത് പേരിനെ ഭയക്കുന്നവർ: അഡ്വ ജോസഫ് ടാജറ്റ്




തൃശൂർ: രാജ്യം ഭരിക്കുന്നത് പേരിനെ ഭയക്കുന്നവരാണെന്നും, അതിനാലാണ് നെഹ്റു യുവ കേന്ദ്ര സംഘടൻ എന്ന പേര് മോദിയും കൂട്ടരും മാറ്റിയതെന്ന് ഡി സി സി പ്രസിഡണ്ട് അഡ്വ ജോസഫ് ടാജറ്റ് പറഞ്ഞു. ചരിത്ര സത്യങ്ങളെ സംഘപരിവാർ ശക്തികൾ വളച്ചൊടിക്കാതിരിക്കാൻ രാജ്യത്തെ ജനങ്ങൾ ഉറക്കമൊളിച്ച് കാവലിരിക്കേണ്ട സാഹചര്യമാണ്. പേരിലെന്തിരിക്കുന്നു എന്ന് പറയുന്ന ഭരണാധികാരികൾ നെഹ്റുവിന്റെയും ഇന്ദിരയുടെയും രാജീവിന്റെയും പേരുകൾ മാറ്റി വാജ്പയിടേയും, ദീൻ ദയാൽ ഉപാധ്യയുടെയും പേരുകൾ എന്തിനാണ് ഇടുന്നത്, ഇതിനെതിരെ പ്രതികരിക്കാൻ നാം തയ്യാറാകണംമെന്ന് അഡ്വ ജോസഫ് ടാജറ്റ് പറഞ്ഞു.നെഹ്റു യുവക് കേന്ദ്രയുടെ പേര് മാറ്റി മേരാ യുവ ഭാരത് എന്ന പേരാക്കി മാറ്റിയ മോദി സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ജില്ലാ കോൺഗ്രസ് കമ്മിറ്റി ആഹ്വാന പ്രകാരം തൃശ്ശൂർ അയ്യന്തോൾ ബ്ലോക്ക് കമ്മിറ്റി കളുടെ സംയുക്ത നേതൃത്വത്തിൽ നടത്തിയ പ്രതിഷേധപരിപാടി തെക്കേ ഗോപുര നടയിൽ ഉത്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അഡ്വ ജോസഫ് ടാജറ്റ്

നേതാക്കളായ സുനിൽ അന്തിക്കാട്, രാജേന്ദ്രൻ അരങ്ങത്ത്, ഐ.പി.പോൾ, സി.ഒ. ജേക്കബ്, കെ.എച്ച്. ഉസ്മാൻ ഖാൻ, രവി താണിക്കൽ,അഡ്വ. സിജോ കടവിൽ, സജീവൻ കുരിയച്ചിറ,പി.ശിവശങ്കരൻ,എം എസ്. ശിവരാമകൃഷ്ണൻ,ഫ്രാൻസിസ് ചാലിശ്ശേരി,കെ. സുരേഷ്, ആശിഷ് മൂത്തേടത്ത്, ജോർജ് ചാണ്ടി, സി.സി ഡേവി, ഇ.വി സുനിൽ രാജ്, എ.കെ. സുരേഷ്, വില്ലി ജിജോ , നിമ്മി റപ്പായി, ലീലാ വർഗ്ഗീസ്, മേഴ്സി അജി എന്നിവർ പങ്കെടുത്തു.

## 18-ാമത് ലയൺ റാഫേൽ സെബാസ്റ്റ്യൻ മെമ്മോറിയൽ ഓൾ കേരള ഷട്ടിൽ ബാഡ്മിന്റൺ ടൂർണ്ണമെന്റ്

ഇരിങ്ങാലക്കുട: ലയൺസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ 18 ആമത് ലയൺ റാഫേൽ സെബാസ്റ്റ്യൻ മെമ്മോറിയൽ ഓൾ കേരള ഷട്ടിൽ ബാഡ്മിന്റൺ ടൂർണ്ണമെന്റ് 2025 മെയ് 19 മുതൽ 22 വരെ വൈകീട്ട് 7.30മുതൽ ഇരിങ്ങാലക്കുട ലയൺസ് ഷട്ടിൽ ക്ലബിൽ വെച്ച് സംഘടിപ്പിക്കും.

മെൻസ് ഡബിൾസ് വിഭാഗത്തിൽ 70+, 100+ എന്നീ കാറ്റഗറികളിയായിട്ടായിരിക്കും ടൂർണ്ണമെന്റ് സംഘടിപ്പിക്കുന്നത്. ടൂർണ്ണമെന്റിന്റെ ഉൽഘാടന കർമ്മം ഇരിങ്ങാലക്കുട റൂറൽ സ്പെഷ്യൽ ബ്രാഞ്ച് DYSP ബിജോയ് പി. ആർ. 2025 മെയ് 19 തിങ്കളാഴ്ച്ച വൈകിട്ട് 07.00 മണിക്ക് നിർവ്വഹിക്കും. വിജയിക്കുന്ന ടീമുകൾക്ക് 8000 രൂപയും ട്രോഫിയും, റണ്ണർ അപ്പ് കരസ്ഥമാക്കുന്ന ടീമുകൾക്ക് 4000 രൂപയും ട്രോഫിയും, സെമി ഫൈനലിസ്റ്റ് ടീമുകൾക്ക് 1000 രൂപയും ട്രോഫിയും നൽകുന്നതാണെന്ന് ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു.

പത്രസമ്മേളനത്തിൽ ഇരിങ്ങാലക്കുട ലയൺസ് ക്ലബ് പ്രസിഡന്റ് ബിജു ജോസ് കൂനൻ, ഷട്ടിൽ കമ്മിറ്റി ചെയർമാൻ റെജി മാളക്കാരൻ, ടൂർണ്ണമെന്റ് കൺവീനർ അഡ്വ. ഐബൻ മാത്തൻ, ടി.ഡി.ബി. എസ്. എ സീനിയർ വൈസ് പ്രസിഡണ്ട് പീറ്റർ ജോസഫ്, ജോയിന്റ് കൺവീനർമാരായ ബാബു മേനോൻ, ശ്രീകുമാർ തുടങ്ങിയവർ പങ്കെടുത്തു.

## ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷനോടുള്ള അവഗണന അവസാനിപ്പിക്കണം: സുനിൽകുമാർ എം എൽഎ



കൊടുങ്ങല്ലൂർ: ദേവി ക്ഷേത്രത്തിലേക്കും ചേരമാൻ ജുമാ മസ്ജിദിലേക്കും അഴീക്കോട് ക്രൈസ്തവ ദേവാലയത്തിലേക്കും ദൂരെ സ്ഥലങ്ങളിൽ നിന്നും നൂറു കണക്കിന് തീർത്ഥാടകർ വന്നിറങ്ങിയിരുന്ന റെയിൽവേ സ്റ്റേഷൻ ആണ് കല്ലേറ്റുംകരയിലെ ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷൻ. ഈ സ്റ്റേഷനോട് പതിറ്റാണ്ടുകളായി തുടരുന്ന അവഗണന അവസാനിപ്പിക്കേണ്ടതാണെന്നും ആയതിനു വേണ്ടി നടക്കുന്ന കല്ലേറ്റുംകര റെയിൽവേ സമരത്തിന് എല്ലാവിധ പിന്തുണയും നൽകി സമരം ശക്തി പ്പെടുത്തുമെന്ന് കൊടുങ്ങല്ലൂർ നിയമസഭാംഗം

വി ആർ സുനിൽകുമാർ പറഞ്ഞു. കൂടാതെ, ചരിത്രപ്രസിദ്ധമായ കൊടുങ്ങല്ലൂരിലേക്ക് ഒരു റെയിൽപാത ആവശ്യമാണെന്നും കൊടുങ്ങല്ലൂരിൽ റെയിൽവേ സ്റ്റേഷൻ വരികയാണെങ്കിൽ ആയിരക്കണക്കിന് ആളുകൾക്ക് ഉപകാരപ്പെടുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കല്ലേറ്റുംകര റെയിൽവേ സ്റ്റേഷൻ സമരത്തിന്റെ മുഖ്യ സംഘാടകൻ വർഗ്ഗീസ് തൊടുപറമ്പിലിൽ നിന്നും ജനകീയ മഹാ ഹർജി സ്വീകരിച്ചപ്പോഴാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

1989 ലെ കല്ലേറ്റുംകര റയിൽവേ സമരം ഉത്ഘാടനം ചെയ്തത് തന്റെ പിതാവും മുൻ മന്ത്രിയുമായിരുന്ന വി കെ രാജൻ ആയിരുന്നുവെന്നതും ഇപ്പോഴത്തെ സമരത്തിൽ ഭാഗമാകുന്നതിൽ ഏറെ അഭിമാനിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

## വിശുദ്ധ അബീമലേക്ക് തിമൊഥിയോസ്സ്മാരക സാധു സംരക്ഷണ നിധിയുടെ സുവർണ ജൂബിലി

തൃശൂർ:പറവട്ടാനി ചർച്ച് സ്ക്വയർ മാർ അദ്ദായ് ശ്ലീഹ പള്ളിയിലെ വിശുദ്ധ അബീമലേക്ക് തിമൊഥിയോസ് സ്മാരക സാധു സംരക്ഷണ നിധിയുടെ സുവർണ ജൂബിലി അമ്പതാം വാർഷികം ആഘോഷിക്കുന്നു. തുടർച്ചയായി ഒരു വർഷത്തെ പരിപാടികളോടെ നടത്തുവാൻ തീരുമാനിച്ചു. ഓരോ മാസവും, ഒരു സേവനം പൊതു സമൂഹത്തിന് നൽകുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടികൾ ക്രമീകരിക്കുന്നത്. വിദ്യാഭ്യാസത്തിനും ആതുര ശുശ്രുഷക്കും മുൻഗണന നൽകും.



പ്രസിഡണ്ട് സെക്രട്ടറി

49-ാം വാർഷിക പൊതുയോഗത്തിൽ വൈസ് പ്രസിഡന്റ് റവ.തിമോത്തിയോസ് ജോയ് കശീശ അധ്യക്ഷത വഹിച്ചു. ആൻേറാ ഡി.ഒല്ലൂക്കാരൻ, എൽ.വിൽസൺ, ഒ.ടി. ഫ്രാൻസി,എം.ജെ.ജെയിംസ്, എ. സി.ചുമ്മാർ, ജോസി പുതുർക്കര, ഇ.പി.സാബു, എം.ജെ. തിമോത്തി, ഡോൾഫി പോൾ, ജിജോ ജോണി, ഷാജൻ.ടി.ടി, എം.എൽ.ജോർജ് എന്നിവർ സംസാരിച്ചു.

പ്രസിഡന്റ്-റവ.റൂണോ വർഗീസ് കശീശ, വൈസ് പ്രസിഡന്റ്-റവ.തിമോത്തിയോസ് ജോയ് കശീശ. ആൻേറാ ഡി.ഒല്ലൂക്കാരനെ സെക്രട്ടറിയായി തെരഞ്ഞെടുത്തു. എ.സി. ചുമ്മാർ-ജോയ്ന്റ സെക്രട്ടറി, ഷിനിൻ സണ്ണി-ഖജാൻജി. സ്മിതാ ഡോൾഫി, ഡേവിസ് ചാണ്ടി, ഇ.പി.സാബു, എം.ജെ.തിമോത്തി എന്നിവർ കമ്മിറ്റി അംഗങ്ങളുമായി ഐകകണ്ഠ്യനെ തെരെഞ്ഞെടുത്തു.

## ലിറ്ററി ഫോറം അവാർഡുകൾ

തൃശൂർ: ലിറ്ററി ഫോറം തൃശൂർ, ചേറൂർ സാഹിതി, ഹോൺബിൽ - സംയുക്തമായി ഒരുക്കുന്ന അക്ഷരീയം -മഹാ സാഹിത്യ സമ്മേളനം 24 ന് 2 മണി മുതൽ സാഹിത്യ അക്കാദമി ഓഡിറ്റോറിയത്തിൽ നടക്കുമെന്ന് പ്രസിഡന്റ് കെ. ഉണ്ണികൃഷ്ണൻ അറിയിച്ചു

പുരസ്കാരത്തിന് അർഹരായവർ : ഡോ: ജെ.പ്രമീള ദേവി, ജോളി ചിറയത്ത്, ശ്രീകാന്ത് കോട്ടക്കൽ, മോഹൻ ദാസ് പാറപ്പുറത്ത്

## പി എച്ച് ഡി അഡ്മിഷൻ

ഇരിങ്ങാലക്കുട: സെന്റ് ജോസഫ് കോളേജിൽ ഇംഗ്ലീഷ്, കോമേഴ്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, റിസർച്ച് സെന്ററുകളിൽ ഏതാനും പി എച്ച് ഡി ഒഴിവുകൾ ഉണ്ട്. താൽപര്യമുള്ളവർ മെയ് 20ന് ചൊവ്വാഴ്ച രാവിലെ 10ന് അതാത് ഡിപ്പാർട്ടുമെന്റുകളിൽ അസ്സൽ രേഖകളുമായി ഹാജരാവുക.

## മികച്ച സംരംഭകനുള്ള ജേസിഐ തൃപ്രയാറിന്റെ കമൽ പത്ര പുരസ്കാരം ഗോൾഡ് മേറ്റ്ഫിനാൻഷ്യൽ സർവീസസ് എം ഡി. ഹരി. പി കെ ക്ക്

തൃപ്രയാർ: രാജ്യത്തെ ഏറ്റവും മികച്ച യുവ സംരംഭകർക്കും ബിസിനസ്സ്കാർക്കും നൽകി വരുന്ന ജേ സി ഐ കമൽ പത്ര അവാർഡിനായി ജേ സി ഐ തൃപ്രയാർ ഗോൾഡ് മേറ്റ് ഫിനാൻഷ്യൽ സർവീസസ് എം ഡി. ഹരി. പി കെയെ തെരഞ്ഞെടുത്തു.



ഒൻപത് വർഷങ്ങൾക്ക് മുൻപ് ഒരു ബ്രാഞ്ചും ഒരു ജീവനക്കാരനുമായി നാഷണലൈസ്ഡ് ബാങ്കുകളുടെയും പ്രൈവറ്റ് സെക്ടർ ബാങ്കുകളുടെയും എൻ ബി എഫ് സികളുടെയും വിവിധ വായ്പകൾ ആവശ്യക്കാർക്ക് ലഭ്യമാക്കുന്ന സ്ഥാപനമായി ആരംഭിച്ച ഗോൾഡ് മേറ്റ് ഫിനാൻഷ്യൽ സർവീസസിന് ഇപ്പോൾ കേരളത്തിന്റെ എല്ലാ പ്രമുഖ നഗരങ്ങളിലും ബ്രാഞ്ചുകളും നിരവധി ജീവനക്കാരുമായി നാടിന്റെ ധനകാര്യ രംഗത്ത് ശക്തമായ സാന്നിധ്യമായി മാറിയിരിക്കുകയാണ്.

വേണാട് ഫിനാൻസ് ഗ്രൂപ്പ് എന്ന ധനകാര്യ സ്ഥാപനത്തിന്റെ ഡയറക്ടർ ആയും നാട്ടിക അൻപ് ചാരിറ്റബിൾ സോസൈറ്റിയുടെ ചെയർമാൻ ആയും ബി എൻ ഐ തൃശൂർ ലുമിനറീസിന്റെ ഇംഎംപാക്ട് ചെയർപേഴ്സൺ ആയും തൃപ്രയാർ കോസ്റ്റൽ റീജൻസി ക്ലബ്ബിന്റെ അംഗമായും പ്രവർത്തിക്കുന്ന ഹരി പി കെ വലപ്പാട് സ്വദേശിയാണ്. മുൻ കാനറാ ബാങ്ക് ഉദ്യോഗസ്ഥനായ കനകാംബരനും ഉഷയും മാതാപിതാക്കളും മണപ്പുറത്തെ ഉദ്യോഗസ്ഥയായ അഞ്ജലി ഭാര്യയുമാണ്.

ജേ സി ഐ മുൻ അന്താരാഷ്ട്ര പ്രസിഡന്റ് ഷൈൻ ഭാസ്കരൻ ജേ സി ഐ തൃയാറിന്റെ കുടുംബ സംഗമത്തിൽ വെച്ച് ഹരിക്ക് കമൽ പത്ര പുരസ്കാരം സമ്മാനിച്ചു. ജേ സി ഐ തൃപ്രയാർ പ്രസിഡന്റ് കൃഷ്ണ ടി എസ്, 2024 ദേശീയ പ്രസിഡന്റ് അഡ്വ. രെഖേഷ് ശർമ്മ, ജേ സി ഐ തൃപ്രയാറിന്റെ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.



ഇരിങ്ങാലക്കുട കൂടൽ ക്ഷേത്രത്തിലെ തിരുവുത്സവത്തോടനുബന്ധിച്ച് ഇന്ന് രാവിലെ ഇന്ന് നടന്ന ശീവേലിക്ക് കുട്ടൻകുളങ്ങര അർജുനൻ തിടമ്പേറ്റി.

ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രോത്സവത്തിന്റെ ഒമ്പതാം ഉത്സവ ദിവസമായ ഇന്ന് രാത്രി പള്ളിവേട്ട നടക്കും. പഞ്ചവാദ്യത്തിന് പെരുവനം കൃഷ്ണകുമാർ നേതൃത്വം നൽകും

## ആധുനികവത്ക്കരിച്ച തൃശ്ശൂർ കൈരളി, ശ്രീ തിയറ്റർ സമുച്ചയത്തിന്റെ ഉദ്ഘാടനം മെയ് 27ന്

തൃശ്ശൂർ: ആധുനികവത്ക്കരിച്ച തൃശ്ശൂർ കൈരളി, ശ്രീ തിയറ്റർ സമുച്ചയത്തിന്റെ ഉദ്ഘാടനം മെയ് 27 ന് ഉച്ചയ്ക്ക് 12 ന് സാംസ്കാരിക, ഫിഷറീസ്, യുവജനകാര്യവകുപ്പ് മന്ത്രി സജി ചെറിയാൻ നിർവ്വഹിക്കും. ആർ ജി ബി ലേസർ പ്രൊജക്ടർ, നൂതന സാങ്കേതികവിദ്യയിലുള്ള ഡോൾബി അറ്റ്മോസ് 64 ചാനൽ, 3-ഡി, സിൽവർ സ്ക്രീൻ, ആധുനിക രീതിയിലുള്ള സീറ്റിംഗ്, കപ്പിൾ സീറ്റിംഗ്, ലിഫ്റ്റ് സൗകര്യങ്ങൾ, ഫയർ സേഫ്റ്റി സംവിധാനങ്ങൾ, ഫീഡിംഗ് റൂം ഉൾപ്പെടെ അത്യാധുനിക സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയാണ് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ കീഴിലുള്ള കൈരളി, ശ്രീ തിയേറ്ററുകൾ പ്രദർശനത്തിനൊരുങ്ങുന്നത്.

ഉദ്ഘാടന ചടങ്ങിന്റെ ഭാഗമായി രൂപീകരിച്ച സംഘാടക സമിതിയിൽ ജനറൽ കൺവീനറായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ എം.ഡി പി.എസ് പ്രിയദർശനനെ തെരഞ്ഞെടുത്തു. ചെയർമാൻ പി. ബാലചന്ദ്രൻ എംഎൽഎ, വൈസ് ചെയർമാൻ കെ വി വി ഇ എസ് പ്രസിഡന്റ് അബ്ദുൽ ഹമീദ്, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഷാജൻ, ജോ. കൺവീനർമാരായി ചലച്ചിത്ര ഫിലിം സൊസൈറ്റി ഭാരവാഹി ചെറിയാൻ ജോസഫ്, കൗൺസിലർ അനൂപ് ഡേവിഡ് കാട, അഡ്വ. കെ.ബി സുമേഷ്, എം.സി രാജ നാരായണൻ എന്നിവരെയും രക്ഷാധികാരികളായി റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ, ഉന്നത വിദ്യാഭ്യാസ സാമൂഹികനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, കെ. രാധാകൃഷ്ണൻ എം.പി, മേയർ എം.കെ വർഗീസ്, ദേവസ്വം ബോർഡ് പ്രസിഡന്റ് രവീന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ് പ്രിൻസ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലതാ ചന്ദ്രൻ, നഗരസഭ പ്രതിപക്ഷ നേതാവ് രാജൻ പല്ലൻ എന്നിവരേയും മറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളേയും തെരഞ്ഞെടുത്തു.

## സിവിൽസ്റ്റേഷനിലെ മെഡിക്കൽ കെയർ സെന്റർ ജില്ലാ കളക്ടർ ഉദ്ഘാടനം ചെയ്തു

തൃശൂർ: ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ നാഷണൽ ഹെൽത്ത് മിഷന്റെയും ജില്ലാ മെഡിക്കൽ ഓഫീസിന്റെയും സഹകരണത്തോടെ സിവിൽസ്റ്റേഷനിൽ ആരംഭിച്ച മെഡിക്കൽ കെയർ സെന്റർ ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ ഉദ്ഘാടനം ചെയ്തു. വിവിധ സർക്കാർ സേവനങ്ങൾക്കായി സിവിൽ സ്റ്റേഷനിൽ എത്തുന്ന പൊതുജനങ്ങൾക്കും സിവിൽ സ്റ്റേഷൻ ജീവനക്കാർക്കും അടിയന്തരഘട്ടങ്ങളിൽ വൈദ്യസഹായം ഉറപ്പാക്കാനും പ്രാഥമിക ശുശ്രൂഷ നൽകുന്നതിനും (ബേസിക് ഫസ്റ്റ് എയ്ഡ്) ലക്ഷ്യമാക്കിക്കൊണ്ട് ഡോക്ടറുടെ സേവനമുൾപ്പെടെ മെഡിക്കൽ കെയർ സെന്ററിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ മെഡിക്കൽ കെയർ സെന്റർ ആരംഭിക്കുന്ന കേരളത്തിലെ ആദ്യത്തെ കളക്ടറേറ്റാണ് തൃശ്ശൂർ ജില്ലാ കളക്ടറേറ്റ്.

മുൻകാലങ്ങളിൽ സിവിൽ സ്റ്റേഷനിലെത്തുന്ന പൊതുജനങ്ങൾ, ജീവനക്കാർ എന്നിവരിൽ ക്ഷീണം, തലകറക്കം, തളർച്ച തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങൾ മൂലം ആശുപത്രിയിൽ എത്തിക്കേണ്ട സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടതോടെയാണ് പ്രഥമ ശുശ്രൂഷ ഉറപ്പ് വരുത്തുന്നതിനായി മെഡിക്കൽ കെയർ സെന്റർ സ്ഥാപിച്ചത്. മെഡിക്കൽ കെയർ സെന്റർ മെയ് 19 (തിങ്കളാഴ്ച) മുതൽ പ്രവർത്തനമാരംഭിക്കും. എഡിഎം ടി. മുരളി, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ശ്രീദേവി, നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ സജീവ് കുമാർ, കളക്ടറേറ്റ് ജീവനക്കാർ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

## നിര്യാതനായി ജോബി ജോർജ്ജ്



കുന്നംകുളം: ആർത്താറ്റ് പനക്കൽ ജോർജ് ജ യുടെ മകൻ ജോബി ജോർജ് (85 വയസ്) നിര്യാതനായി കുന്നംകുളം ഭാവന തീയറ്ററിന്റെ പാർട്ണർ, കുന്നംകുളത്ത് പനക്കൽ ഫാർമസി ഉടമയും കുന്നംകുളം ലയൻസ് ക്ലബ് പ്രസിഡന്റ്, വ്യാപാര വ്യവസായ സമതി പ്രസിഡന്റ് എന്നീ നിലകളിൽ സേവനം അനുഷ്ടിച്ചിട്ടുണ്ട്. സംസ്കാരം ഇന്ന് വൈകീട്ട് 4 മണിക്ക് ആർത്താറ്റ് സെ.മേരീസ് കത്തീഡ്രൽ സെമിത്തേരിയിൽ. മക്കൾ - നിസ, നിത. മരുമക്കൾ - സാജൻ വർഗീസ്, സജോഷ് തമ്പി.

## വാർത്താച്ചുരുക്കം

* അമല ആസ്പത്രിയ ഫോറൻസിക് ശില്പശാല, മൂട്ട് കോർട്ട് എന്നിവ 17ന് നടക്കും
* സർജന്മാരുടെ സംസ്ഥാന സമ്മേളനം, പഠന ക്യാമ്പ് എന്നിവ 16 മുതൽ 18 വരെ നടക്കും. ഗവ: മെഡിക്കൽ കോളേജ്, ഹയാത്ത് റീജൻസി എന്നിവിടങ്ങളിലാണ് പരിപാടികൾ
* പരേതനായ മാധ്യമ പ്രവർത്തകൻ തൃശൂരിലെ സക്കീർ ഹുസൈന്റെ ആൾപ്പൂരം - ഡോക്യുമെന്ററി ആദ്യ പ്രദർശനം വൈലോപിള്ളി ഹാളിൽ നടന്നു. സോളിഡാരിറ്റിയായിരുന്നു സംഘാടകർ
* കേരള വാട്ടർ അതോറിറ്റി പെൻഷനേഴ്സ് ഓർഗനൈസേഷൻ 22-ാം സംസ്ഥാന സമ്മേളനം 17ന് തൃശൂർ ടൗൺ ഹാളിൽ.
* കേരള ജ്യോതിഷ പരിഷത്ത് 53-ാമത് വാർഷിക സമ്മേളനം, പുരസ്കാര സമർപ്പണം 17ന് കാലത്ത് മുതൽ റീജിയണൽ തിയറ്ററിൽ വിപുലമായി നടക്കും
* കേരള വെറ്ററിനറി സർവകലാശാലയിലെ അഴിമതിക്കെതിരെ, തൃശൂരിലെ പ്രതികരണ സംഘടന - കക്കായ് പ്രചാരണ - പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കും
* ടീം കോ-ഓപ്പറേറ്റീവ് സംഘടിപ്പിക്കുന്ന സംസ്ഥാന തല സഹകരണ രത്നം സഹകരണ റിയാലിറ്റി ഷോ തൃശൂരിൽ നടക്കും. 21 ന് റീജ്യണൽ തിയേറ്ററിൽ നടക്കും.
* സൈലം എക്സലൻസ് അവാർഡ് സമർപ്പണ -അനുമോദന സമ്മേളനം, 19 ന് കുരിയച്ചിറ സെന്റ് ജോസഫ് കോൺവെന്റ് ഗേൾസ് ഹൈസ്കൂളിൽ നടക്കും.
* എരുമപ്പെട്ടി ഗ്രാമീണ വായനശാലയിൽ ബാല വേദി വർണ്ണ കൂടാരം 18ന് 2 മണി.

## എന്റെ കേരളം; ആഘോഷരാവുകളുടെ വിളിയറിയിച്ച് ഫ്ളാഷ് മോബ്

തൃശൂർ: രണ്ടാം പിണറായി സർക്കാരിന്റെ നാലാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ജില്ലയിൽ 18 മുതൽ 24 വരെ നടക്കുന്ന എന്റെ കേരളം മെഗാ പ്രദർശന വിപണന മേളയുടെ പ്രചാരണാർത്ഥം ഫ്ളാഷ് മോബ് സംഘടിപ്പിച്ചു. ഫ്ളാഷ് മോബിന്റെ ഫ്ളാഗ് ഓഫ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി എസ് പ്രിൻസ് നിർവ്വഹിച്ചു. ജില്ലയിലെ ഹയർ സെക്കന്ററി സ്കൂൾ എൻ എസ് എസ് വിദ്യാർത്ഥികളുടെ നേതൃത്വത്തിലാണ് ഫ്ളാഷ് മോബ് സംഘടിപ്പിച്ചത്. കളക്ടറേറ്റിൽ നടന്ന ഫ്ളാഷ് മോബിൽ എഡിഎം ടി. മുരളി മുഖ്യാതിഥിയായി.

കളക്ട്രേറ്റ് പരിസരത്ത് നിന്ന് ആരംഭിച്ച് വടക്കേസ്റ്റാൻഡ് പരിസരം, ശക്തൻ സ്റ്റാൻഡ് പരിസരം എന്നിവിടങ്ങളിലാണ് ഫ്ളാഷ് മോബ് അവതരിപ്പിച്ചത്.


### കോടതി പരസ്യം

**ബഹു. തൃശൂർ ജില്ലാ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ**

No: 901/2024

വിസ്മയ കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശൂർ

-ഹരജിക്കാരൻ

1) ലത ബാബുരാജ്, W/o. ബാബുരാജ്, അന്തിക്കാട്ട് കളരിക്കൽ ഹൗസ്, പുത്തൻപീടിക ദേശം, അന്തിക്കാട് വില്ലേജ്, തൃശൂർ
2) അഞ്ജന കൃഷ്ണകുമാർ, W/o. കൃഷ്ണകുമാർ, കിഴുത്താലി കളരിക്കൽ ഹൗസ്, മേത്തല ദേശം, വില്ലേജ്, പറവൂർ താലൂക്ക്, തൃശൂർ ജില്ല
3) അഞ്ജിത ബാബുരാജ്, D/o. ബാബുരാജ്, അന്തിക്കാട്ട് കളരിക്കൽ ഹൗസ്, താലൂക്ക്, പുത്തൻപീടിക ദേശം, അന്തിക്കാട് വില്ലേജ്, തൃശൂർ

- 1, 2, 3 എതൃകക്ഷികൾ

മേൽ നമ്പറിലെ 1, 2, 3 എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർ കേസ് **24-06-2025** തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു.

എന്ന്, 16-05-2025
ഹരജി ഭാഗം അഡ്വക്കെറ്റ്
**സി എൻ നവീഷ്** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ ജില്ലാ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ**

No: 899/2024

വിസ്മയ കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശൂർ

-ഹരജിക്കാരൻ

1) ലത ബാബുരാജ്, W/o. ബാബുരാജ്, അന്തിക്കാട്ട് കളരിക്കൽ ഹൗസ്, പുത്തൻപീടിക ദേശം, അന്തിക്കാട് വില്ലേജ്, തൃശൂർ
2) അഞ്ജന കൃഷ്ണകുമാർ, W/o. കൃഷ്ണകുമാർ, കിഴുത്താലി കളരിക്കൽ ഹൗസ്, മേത്തല ദേശം, വില്ലേജ്, പറവൂർ താലൂക്ക്, തൃശൂർ ജില്ല

- 1, 2 എതൃകക്ഷികൾ

മേൽ നമ്പറിലെ 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർ കേസ് **24-06-2025** തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു.

എന്ന്, 16-05-2025
ഹരജി ഭാഗം അഡ്വക്കെറ്റ്
**സി എൻ നവീഷ്** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ ജില്ലാ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ**

No: 900/2024

വിസ്മയ കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശൂർ

-ഹരജിക്കാരൻ

1) ലത ബാബുരാജ്, W/o. ബാബുരാജ്, അന്തിക്കാട്ട് കളരിക്കൽ ഹൗസ്, പുത്തൻപീടിക ദേശം, അന്തിക്കാട് വില്ലേജ്, തൃശൂർ
2) അഞ്ജന കൃഷ്ണകുമാർ, W/o. കൃഷ്ണകുമാർ, കിഴുത്താലി കളരിക്കൽ ഹൗസ്, മേത്തല ദേശം, വില്ലേജ്, പറവൂർ താലൂക്ക്, തൃശൂർ ജില്ല
3) അഞ്ജിത ബാബുരാജ്, D/o. ബാബുരാജ്, അന്തിക്കാട്ട് കളരിക്കൽ ഹൗസ്, താലൂക്ക്, പുത്തൻപീടിക ദേശം, അന്തിക്കാട് വില്ലേജ്, തൃശൂർ

- 1, 2, 3 എതൃകക്ഷികൾ

മേൽ നമ്പറിലെ 1, 2, 3 എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർ കേസ് **24-06-2025** തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു.

എന്ന്, 16-05-2025
ഹരജി ഭാഗം അഡ്വക്കെറ്റ്
**സി എൻ നവീഷ്** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ ജില്ലാ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ**

No: 902/2024

വിസ്മയ കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശൂർ

-ഹരജിക്കാരൻ

1) ലത ബാബുരാജ്, W/o. ബാബുരാജ്, അന്തിക്കാട്ട് കളരിക്കൽ ഹൗസ്, പുത്തൻപീടിക ദേശം, അന്തിക്കാട് വില്ലേജ്, തൃശൂർ
2) അഞ്ജന കൃഷ്ണകുമാർ, W/o. കൃഷ്ണകുമാർ, കിഴുത്താലി കളരിക്കൽ ഹൗസ്, മേത്തല ദേശം, വില്ലേജ്, പറവൂർ താലൂക്ക്, തൃശൂർ ജില്ല
3) അഞ്ജിത ബാബുരാജ്, D/o. ബാബുരാജ്, അന്തിക്കാട്ട് കളരിക്കൽ ഹൗസ്, പുത്തൻപീടിക ദേശം, അന്തിക്കാട് വില്ലേജ്, തൃശൂർ

- 1, 2, 3 എതൃകക്ഷികൾ

മേൽ നമ്പറിലെ 1, 2, 3 എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർ കേസ് **24-06-2025** തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു.

എന്ന്, 16-05-2025
ഹരജി ഭാഗം അഡ്വക്കെറ്റ്
**സി എൻ നവീഷ്** (ഒപ്പ്)